# പത്താംതരം തുല്യതാ (സേ) പരീക്ഷ

# നവംബർ – 2022

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം –12

നമ്പർ ഇ.എക്സ്/സി.ജനറൽ(4)/38805/2022

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി: 14/11/2022

# വിജ്ഞാപനം

വിഷയം:- പത്താംതരം തുല്യതാ പരീക്ഷ - സേവ് എ ഇയർ (''സേ'') പരീക്ഷ 2022 നടത്തിപ്പ് - സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (സാധാ നമ്പർ 67/2014/പൊ.വി.തീയതി 28-04-2014

2022-ലെ പത്താംതരം തുല്യതാ പരീക്ഷയിൽ റഗുലർ വിഭാഗത്തിൽ ആദ്യമായി പരീക്ഷ എഴുതിയപരീക്ഷാർത്ഥികളിൽ പരമാവധി 2 പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്കും, മറ്റ് വിഷയങ്ങൾക്ക് വിജയിച്ചെങ്കിലും രണ്ട് പരീക്ഷയ്ക്ക് മാത്രം ഹാജരാവാൻ കഴിയാത്തവർക്കും വേണ്ടി സേവ് എ ഇയർ (''സേ'') പരീക്ഷ നടത്തുന്നതാണ്. **2022 ഡിസംബർ 1 മുതൽ 7 വരെയുള്ള** തീയതികളിൽ സംസ്ഥാനത്തെ 14 റവന്യൂ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തുന്നത്. പരീക്ഷയുടെ സമയവിവരപട്ടിക ഈ വിജ്ഞാപനത്തിൽ (പേജ് 3) ഉൾപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ കേന്ദ്രങ്ങളുടെ പേരും, മാതൃകാ അപേക്ഷാഫോറവും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1. ''സേ'' പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പത്താംതരം തുല്യതാ പരീക്ഷ ആദ്യമായി 2022 ആഗസ്റ്റ് മാസത്തിൽ എഴുതിയ റഗുലർ വിഭാഗം പരീക്ഷാർത്ഥികളിൽ ഏതെങ്കിലും രണ്ടു വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതുമൂലം ഉന്നതവിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ ''സേ'' പരീക്ഷ എഴുതുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
2. 2022 ആഗസ്റ്റിലെ പത്താംതരം തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പരീക്ഷാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്, മാതാവ്, സഹോദരങ്ങൾ, ഇവരിൽ ആരുടെയെങ്കിലും മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ, പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ അവർക്ക് എഴുതാൻ കഴിയാതിരുന്ന എല്ലാ വിഷയങ്ങൾക്കും പരീക്ഷ എഴുതാവുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. 2022 ആഗസ്റ്റ് മാസം നടത്തിയ പത്താംതരം തുല്യതാ പരീക്ഷാ റിസൾട്ടിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ടിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പരീക്ഷാകേന്ദ്രങ്ങളിൽ മാത്രമായിരിക്കും ''സേ'' പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നത്.
5. ''സേ'' പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.
6. ''സേ'' പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.
7. പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം ''സേ'' പരീക്ഷയ്ക്കും അപേക്ഷിച്ചവർക്ക് പുനർമൂല്യനിർണ്ണയത്തിലൂടെ ഡി+ ഗ്രേഡോ അതിനു

മുകളിലോ ലഭിച്ചാൽ പ്രസ്തുത വിഷയത്തിന്റെ "സേ" പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

## II പത്താം തരം തുല്യതാ "സേ" പരീക്ഷ നവംബർ 2022 – സമയവിവരപട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 01/12/2022 | വ്യാഴം | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | മലയാളം/തമിഴ്/കന്നട |
| 02/12/2022 | വെള്ളി | രാവിലെ 9.45 മുതൽ11.30 വരെ | ജീവശാസ്ത്രം |
| | | ഉച്ചയ്ക്ക് 2.30 മുതൽ 4.45 വരെ | ഹിന്ദി |
| 05/12/2022 | തിങ്കൾ | രാവിലെ 9.45 മുതൽ12.30 വരെ | സോഷ്യൽ സയൻസ് |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | രസതന്ത്രം |
| 06/12/2022 | ചൊവ്വ | രാവിലെ 9.45 മുതൽ12.30 വരെ | ഗണിതശാസ്ത്രം |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ഇൻഫർമേഷൻ ടെക്നോളജി |
| 07/12/2022 | ബുധൻ | രാവിലെ 9.45 മുതൽ12.30 വരെ | ഇംഗ്ലീഷ് |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ഊർജ്ജതന്ത്രം |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. പരീക്ഷാ സമയ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ പരീക്ഷ മാറ്റി വയ്ക്കുന്നതല്ല.
3. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് സമാശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും പരീക്ഷാർത്ഥികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

## III. അപേക്ഷ & പരീക്ഷാഫീസ്

1. പരീക്ഷാർത്ഥി അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്ന അപേക്ഷ പൂരിപ്പിച്ച് റിസൽട്ടിന്റെ പ്രിന്റ് ഔട്ട് സഹിതം സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100/- രൂപ നിരക്കിൽ ഫീസ് നിശ്ചയിച്ചിരിക്കുന്നു.

2. അപേക്ഷയും പരീക്ഷാഫീസും സേ പരീക്ഷാ കേന്ദ്രങ്ങളിൽ സ്വീകരിക്കുന്നത് **2022 നവംബർ 16 മുതൽ 19 വരെയാണ്.** ഫീസൊടുക്കുമ്പോൾ പരീക്ഷാഭവന്റെ സൈറ്റിൽ ലഭ്യമായ പ്രിന്റൗട്ട് ഷീറ്റ് കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

യാതൊരു കാരണവശാലും പരീക്ഷാഫീസ് പണമായോ ചെക്കായോ മറ്റു വിധത്തിലോ പരീക്ഷാർത്ഥികൾ പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല. ഫീസ് സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയായ **2022 നവംബർ 19**-ന് ശേഷം ലഭിക്കുന്ന അപേക്ഷയോ, ഫീസോ ചീഫ് സൂപ്രണ്ടുമാർ യാതൊരു കാരണവശാലും സ്വീകരിക്കാൻ പാടില്ല. പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും ചീഫ്സൂപ്രണ്ടുമാർ **2022 നവംബർ 21-ന്** മുമ്പായി പരീക്ഷാഭവൻ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ പൂജപ്പുര ശാഖയിൽ ആരംഭിച്ചിട്ടുള്ള **67374991995** എന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാ നടത്തിപ്പിന് ആവശ്യമായ തുക, പരീക്ഷാർത്ഥികളുടെ വിഷയം തിരിച്ചുള്ള എണ്ണം രേഖപ്പെടുത്തിയ ഫോറം അടങ്ങിയ സ്റ്റേറ്റ്മെന്റ് എന്നിവ pareekshabhavancgl@gmail.com എന്ന വിലാസത്തിൽ **21**-ന് മുൻപ് ഇ-മെയിൽ ചെയ്യേണ്ടതാണ്.

## IV.ഹാൾ ടിക്കറ്റ് വിതരണം

"സേ" പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ പരീക്ഷയ്ക്ക് മൂന്ന് ദിവസം മുമ്പെങ്കിലും ഹാൾ ടിക്കറ്റ് വിതരണം നടത്തേണ്ടതാണ്. 2022 ആഗസ്റ്റിലെ പരീക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പർ തന്നെയാണ് "സേ" 2022 പരീക്ഷയുടെയും രജിസ്റ്റർ നമ്പർ. അഡ്മിഷൻ ടിക്കറ്റ് (ഹാൾ ടിക്കറ്റ്) ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികളെ ശരിയായി തിരിച്ചറിഞ്ഞ് പൂർണ്ണവിശ്വാസം വന്നതിനുശേഷം മാത്രമേ അഡ്മിഷൻ ടിക്കറ്റ് നൽകുവാൻ പാടുള്ളു.

## V.സർട്ടിഫിക്കറ്റ്

സേ സർട്ടിഫിക്കറ്റ് 2022 ആഗസ്റ്റിൽ പരീക്ഷ എഴുതിയ പരീക്ഷാകേന്ദ്രം മുഖാന്തിരമാണ് വിതരണം ചെയ്യുന്നത്.

## VI. അപേക്ഷകളുടെ രജിസ്ട്രേഷൻ

അനുബന്ധം "എ" ആയി ചേർത്തിരിക്കുന്ന അപേക്ഷാ ഫോറമാണ് പരീക്ഷാർത്ഥികൾ "സേ" പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ടത്. "സേ" പരീക്ഷാകേന്ദ്രങ്ങളിലെ ലോഗിനിൽ SAY രജിസ്ട്രേഷനുള്ള ഓൺലൈൻ ലിങ്ക് **2022 നവംബർ 16 മുതൽ** 19 **വരെ** ചീഫ് സൂപ്രണ്ടുമാർക്ക് ലഭ്യമാക്കുന്നതാണ്. **2022 നവംബർ 21-ന് വൈകിട്ട് 5.00** മണിക്ക് മുമ്പായി രജിസ്ട്രേഷൻ പൂർത്തീകരിച്ചതായുള്ള കൺഫർമേഷൻ നൽകേണ്ടതാണ്.

**"സേ" പരീക്ഷ എഴുതുവാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് "സേ" പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർ ഉറപ്പാക്കേണ്ടതാണ്.**

## VII. ക്രമക്കേടുകൾ

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും പുറത്താക്കുകയും തുടർന്നുള്ള പരീക്ഷകൾ എഴുതാൻ അനുവദിക്കുന്നതുമല്ല. അടുത്തിരിക്കുന്ന പരീക്ഷാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു പരീക്ഷാർത്ഥികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, പരീക്ഷാ സമയത്ത് അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും പരീക്ഷാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. പരീക്ഷാക്രമക്കേടിനെ തുടർന്ന് പരീക്ഷയിൽ നിന്നും പുറത്താക്കിയ പരീക്ഷാർത്ഥിയെ തുടർന്നുള്ള വർഷങ്ങളിലെ പരീക്ഷ എഴുതുന്നതിൽ നിന്നും നിശ്ചിത വർഷത്തേയ്ക്ക് വിലക്ക് കൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.



ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

**അനുബന്ധം- എ**
**പത്താം തരം തുല്യതാ സേ പരീക്ഷ നവംബർ 2022**
**അപേക്ഷാഫോറം**

---

'സേ' പരീക്ഷാർത്ഥി ഉൾപ്പെടുന്ന വിഭാഗം (√) ചെയ്യുക

(1) ന്യൂ സ്കീം മലയാളം മാധ്യമം ☐

(2) ന്യൂ സ്കീം - തമിഴ് മാധ്യമം ☐

(3) ന്യൂ സ്കീം - കന്നട മാധ്യമം ☐

1. 'സേ' പരീക്ഷാ കേന്ദ്രത്തിന്റെ നമ്പരും പേരും . . . . . . . . . . . . . . . . . . . . . . . . .
2. 2022 ആഗസ്റ്റിൽ പരീക്ഷ എഴുതിയ സെന്ററിന്റെ നമ്പരും പേരും . . . . . . . . . . . . . . . . . . . . . . . .
3. പരീക്ഷാർത്ഥിയുടെ പേര് . . . . . . . . . . . . . . . . . . . . . . . .
4. പരീക്ഷ എഴുതുന്ന മാധ്യമം . . . . . . . . . . . . . . . . . . . . . . .
5. 2022 ആഗസ്റ്റിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ . . . . . . . . . . . . . . . . . . . . . .
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ *** (ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ)

| ക്രമ നമ്പർ | പരീക്ഷയെഴുതുന്ന വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് (08/2022 -ൽ) ആഗസ്റ്റ് 2022-ലെ പരീക്ഷയ്ക്ക് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |

*** 2022 ആഗസ്റ്റിലെ പത്താംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പരീക്ഷാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷയെഴുതാൻ കഴിയാത്തവർക്ക് മാത്രമേ രണ്ടിൽ കൂടുതൽ പേപ്പർ

പരീക്ഷയെഴുതുന്നതിന് അർഹതയുണ്ടിയിരിക്കുകയൂള്ളൂ. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. രക്ഷകർത്താവിന്റെ പേര് . . . . . . . . . . . . . . . . . . . . . . . . . .

8. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും . . . . . . . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . . . . . . . .

## സേ പരീക്ഷാ കേന്ദ്രത്തിൽ ഫീസ് ഒടുക്കുന്നതിന്റെ വിവരം

| പരീക്ഷ എഴുതുന്ന പേപ്പറുകളുടെ എണ്ണം | ഒരു പേപ്പറിനുള്ള ഫീസ് നിരക്ക് | ഫീസ് ഒടുക്കുന്നതിന്റെ വിവരം |
|---|---|---|
| | 100 | ആകെ തുക |
| | | |

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി:

പരീക്ഷാർത്ഥിയുടെ ഒപ്പ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

## പരീക്ഷാകേന്ദ്രത്തിലെ ആഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി . . . . . . .. . . . . . . . .
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സർട്ടിഫിക്കറ്റുമായി / റിസൾട്ടിന്റെ പ്രിന്റൗട്ടുമായി ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ പേര് . . . . . . . . . . . . . . . .
3. അനുവദിച്ച രജിസ്റ്റർ നമ്പർ (2022 ആഗസ്റ്റിലെ പരീക്ഷയ്ക്ക് അനുവദിച്ച അതേ രജിസ്റ്റർ നമ്പർ) :

**ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്**

## പത്താംതരം തുല്യതാ സേ പരീക്ഷാ കേന്ദ്രങ്ങൾ നവംബർ 2022

| നമ്പർ | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | വിദ്യാഭ്യാസ ജില്ലയുടെ പേര് |
|---|---|---|---|
| 1 | 11002 | ഗവ.എച്ച്.എസ്.എസ്.കാസറഗോഡ് കാസറഗോഡ് പി.ഒ പിൻ-671 121 | കാസറഗോഡ് |
| 2 | 13005 | ഗവ.വി.എച്ച്.എസ്.എസ് കണ്ണൂർ സിവിൽ സ്റ്റേഷൻ പി.ഒ പിൻ- 670 002 | കണ്ണൂർ |
| 3 | 15053 | ഗവ.സർവ്വജന എച്ച്.എസ്.എസ്. സുൽത്താൻ ബത്തേരി, സുൽത്താൻ ബത്തേരി പി.ഒ പിൻ-673 592 | വയനാട് |
| 4 | 17010 | ഗവ.വി.എച്ച്.എസ്.എസ് ഗേൾസ് നടക്കാവ്, കോഴിക്കോട് പിൻ- 673 011 | കോഴിക്കോട് |
| 5 | 18013 | ഗവ.എച്ച്.എസ്.എസ് ഫോർ ബോയ്സ് മലപ്പുറം, മലപ്പുറം, ഡൗൺഹിൽ പി.ഒ, പിൻ-676 619 | മലപ്പുറം |
| 6 | 19018 | ഗവ.എച്ച്.എസ്.എസ്, ഏഴൂർ | തിരൂർ |
| 7 | 20035 | ഗവ.എച്ച്.എസ്.എസ് ഒറ്റപ്പാലം ഈസ്റ്റ് ഒറ്റപ്പാലം പിൻ-679 101 | ഒറ്റപ്പാലം |
| 8 | 21055 | പി.എം.ജി.എച്ച്.എസ്.എസ്, പാലക്കാട്, കോളേജ് പി.ഒ, പിൻ-678 001 | പാലക്കാട് |
| 9 | 22056 | ഗവ.എം.ബി.എച്ച്.എസ്.എസ്, തൃശ്ശൂർ, തൃശ്ശൂർ സിറ്റി പി.ഒ, പിൻ 680 020 | തൃശ്ശൂർ |
| 10 | 26029 | എസ്.ആർ.വി. ഗവ.മോഡൽ എച്ച്.എസ്.എസ് എറണാകുളം എം.ജി.റോഡ് പി.ഒ, പിൻ- 682 011 | എറണാകുളം |
| 11 | 29025 | ഗവ.എച്ച്.എസ്.എസ്, തൊടുപുഴ തൊടുപുഴ പിൻ 685 584 | തൊടുപുഴ |
| 12 | 30066 | ഗവ.ട്രൈബൽ എച്ച്.എസ്.എസ് കട്ടപ്പന, കട്ടപ്പന പി.ഒ പിൻ- 685 508 | കട്ടപ്പന |
| 13 | 33027 | ഗവ.മോഡൽ എച്ച്.എസ്.എസ് കോട്ടയം, കോട്ടയം പി.ഒ, പിൻ- 686 001 | കോട്ടയം |
| 14 | 35007 | ഗവ.മുഹമ്മദൻ ബോയിസ് എച്ച്.എസ്, ആലപ്പുഴ, ആലപ്പുഴ പി.ഒ, പിൻ- 688 001 | ആലപ്പുഴ |
| 15 | 38038 | ഗവ.എച്ച്.എസ്.എസ്. കോന്നി | പത്തനംതിട്ട |
| 16 | 41056 | ഗവ.മോഡൽ ബോയ്സ് എച്ച്.എസ് കൊല്ലം, തേവള്ളി.പി.ഒ, പിൻ 691009. | കൊല്ലം |
| 17 | 43083 | എസ്.എം.വി.ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂൾ, തിരുവനന്തപുരം - 695023 | തിരുവനന്തപുരം |

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ